


# THINK POT

**Govt. Ganapath High School for Boys**

Chalappuram, Kozhikode


SWAMI SUVICHARANANDA
1864-1944
GANAPAT HIGH SCHOOL, CALICUT
ESTD-1886

# <u>താളുകൾ മറിക്കുമ്പോൾ</u>

1.എഡിറ്റോറിയൽ.......................................................5
2.എഡിറ്റോറിയൽ ബോർഡ് .......................................................6
3.ആശംസകൾ.......................................................7
4.ആശംസകൾ.......................................................8
5.ആശംസകൾ.......................................................9
6 .സ്കൂൾചരിത്രം.......................................................10
7.ബ്ലാക്ക് ബോർഡ്.......................................................12
8.ഇ വസ്ത്രങ്ങൾ-.......................................................13
9.സ്വാതന്ത്ര്യത്തിന്റെ കനൽ വഴികൾ - ചരിത്ര പ്രദർശനം-.......................................................15
10.കവിത .......................................................16
11.മിന്നാമിന്നി- .......................................................17
12. LOSS OF 2018 :SCIENTISTS-.......................................................18
13.ടീച്ചർ എന്നെയൊന്നു തോൽപ്പിക്കു.... പ്ലീസ്.......................................................20
14.വൃദ്ധസദനത്തിൽ സാന്ത്വനവുമായി.......................................................23
15..കമ്പ്യൂട്ടർ എന്ന ഉപകരണം.......................................................24
16.ഊർജ്ജം വന്ന വഴിയേ.......................................................28
17. Love and Affection.......................................................29
18 .हंसी की फुलझडियां------------------------------------------------------- 30
18.THE BELOVED STAR.......................................................33
19.Quotations.......................................................35
20.ഉറക്കം.......................................................36
21.MOCK PLAY OF FIRE AND SAFETY DEPARTMENT.......................................................39

22.Student Police Cadet Activities----------.----------.40

23.Skill From Knowledge----------42

24.ആടുജീവിതം - ഒരു ആസ്വാദനക്കുറിപ്പ്----------43

25.സംസ്ഥാന സ്കൂൾ കലോത്സവത്തിൽ----------44

26.അനുഭവ കുറിപ്പ് ----------46

27.ഗണിത ശില്പശാല ----------52

28.POEM----------53

29.PAINTINGS----------54

30.DIGITAL PAINTING----------56

31."God's own Country Kerala"----------57

32.ചിത്രം ----------58

33.പ്രളയത്തിന് ഒരു കൈതാങ്ങ്----------59

34.കേരളപിറവി----------60

35.Thoughtless action of an immature mind ..........61

36..Football Team..........63

37.Our proud winners----------64

38.ANNUAL DAY CELEBRATIONS----------65

39.Members of Little Kite ---------- ------ 66

## എഡിറ്റോറിയൽ



*VIVEK K*

*STUDENT EDITOR*

ചാലപ്പുറംഗവ.ഗണപത് ബോയ്സ് ഹൈസ്കൂളിന്റെ ആദ്യത്തെ ഡിജിററൽ മാഗസിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അതിയായ സന്തോഷവും അഭിമാനവും തോന്നുന്നു. നമ്മുടെ കഴിവുകളെപരിപോഷിപ്പിക്കാൻഇത്തരംകൂട്ടായപ്രവർത്തനങ്ങൾ വളരെ സഹായകമാണ്. പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ '**ലിറ്റിൽ കൈറ്റ്സ്** 'എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ സാങ്കേതിക വിദ്യയിൽ അഭിരുചിയും, മികവും പ്രകടമാക്കുന്ന ഒരു തലമുറയെ വാർത്തെടുക്കും. ***THINK POT*** എന്ന ഞങ്ങളുടെ ***E-MAGAZINE*** നല്ലൊരു തുടക്കമാകട്ടെ.

## എഡിറ്റോറിയൽ ബോർഡ്

ഹെഡ് മിസ്ട്രസ് :സബിത ടി

പി ടി എ പ്രസിഡന്റ് :സാബു കെ ജെ

സ്റ്റാഫ് എഡിറ്റർ :സുജയ കെ പി (കൈറ്റ് മിസ്ട്രസ്)

:കല കെ (കൈറ്റ് മിസ്ട്രസ്)

:മായ പി വൈ (എസ്. ഐ .ടി .സി )

സ്റ്റുഡന്റ് എഡിറ്റർ :വിവേക് കെ

മറ്റ് അംഗങ്ങൾ :ശ്രീശങ്കർ കെ

:ഇഷാൻ മുനീർ

:അഭിനവ് കെ

:ആദിൽ പി

:അബു അഫ്ലർ

# ആശംസകൾ

**സബിത ടി (ഹെഡ് മിസ്ട്രസ്)**



ഏറെസന്തോഷത്തോടെയാണ് ഡിജിറ്റൽ മാഗസിന്റെ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ചത്. കാലത്തിനനുസരിച്ച് പുരോഗതി കൈവരിക്കുന്ന സമകാലീന വിദ്യാഭ്യാസത്തിന്റെ ഏറ്റവും പുതിയ നേട്ടമാണ് ഗണപത് ബോയ്സ് ഹൈസ്കൂളിന്റെ ഡിജിറ്റൽ മാഗസിൻ.സാങ്കേതികവിദ്യ പുരോഗമിക്കുമ്പോൾ വിദ്യാഭ്യാസം മാത്രമല്ല എല്ലാ സാമൂഹിക വ്യവഹാരങ്ങൾക്കും അധിഷ്ഠിതമായി തീരുന്ന കമ്പ്യൂട്ടർ വിജ്ഞാനം വലിയ ഒരു വൈജ്ഞാനിക വിസ്ഫോടനമാണ് വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ചത്. അധ്യാപകൻ ഗുരു എന്ന സ്ഥാനത്ത് നിന്ന് friend, felicitator, mentor എന്നീ നിലകളിലേക്കുയരുകയും വിജ്ഞാനം വിരൽത്തുമ്പിൽ വിരിയുകയും ചെയ്യുന്ന ഈ കാലത്ത് ചാലപ്പുറം ഗണപത് ബോയ്സ് ഹൈസ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്" അംഗങ്ങളും അവരെ നയിക്കുന്ന അദ്ധ്യാപകരും ചേർന്ന് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഏറെ പ്രശംസ അർഹിക്കുന്നു. മാറുന്ന കാലത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കനുസരിച്ച് നമ്മുടെ കുട്ടികളുടെ ശേഷി വികസിപ്പിക്കാനും താൽപ്പര്യമുള്ള മേഖലകളിൽ വൈദഗ്ധ്യം നേടാനും സഹായിക്കാൻ കഴിയുന്നതിൽ ഗണപത് കുടുംബം ഏറെ അഭിമാനിക്കുന്നു.

# ആശംസകൾ

**സുജയ കെ പി -കൈറ്റ് മിസ്ട്രസ്**



*അറിവ് നേടുക, പകർന്നുകൊടുക്കുക എന്നതിനപ്പുറം ഓരോ കുട്ടിയും അറിവ് സ്വയം നിർമ്മിക്കുക എന്ന തലത്തിൽ ചിന്തിച്ചു തുടങ്ങിയതിന്റെ തെളിവാണ്* **'THINK POT '** *എന്ന ഈ ഡിജിറ്റൽ മാഗസിൻ. ഇങ്ങനെയൊരു സർഗാത്മക ചിന്തയുടെ ഭാഗമാകാൻ കഴിഞ്ഞതിലുള്ള അനല്പമായ ആഹ്ലാദം ഇവിടെ കുറിക്കുന്നു. നൂതന സാങ്കേതിക വിദ്യയുടെ ചിറകിലേറി പുതിയ ആകാശങ്ങൾ തേടുമ്പോഴും പ്രകൃതി എന്ന ബൃഹത്തായ പാഠപുസ്തകം അറിഞ്ഞും അനുഭവിച്ചും പഠിക്കാൻ വിട്ടുപോകരുത്. പാരിതിലെല്ലാം നമ്മെ പഠിപ്പിക്കാൻ ഓരോന്നുമായി നിൽക്കുന്നുണ്ടെന്ന കവി വാക്യം സദാ ഓർക്കുക. കുഞ്ഞുപട്ടങ്ങൾ വിശാലമായ ആകാശത്തെ അനന്ത സാദ്ധ്യതകൾ തേടട്ടെ . എത്ര ഉയരത്തിൽ പറക്കുമ്പോഴും താഴേക്ക് നോക്കുവാനും മണ്ണിനെ വിസ്മരിക്കാതിരിക്കാനും നമുക്ക് പഠിപ്പിക്കാം .*

=======

# ആശംസകൾ

**മായ പി വൈ (എസ്. ഐ .ടി .സി )**



*നറുപുഞ്ചിരി വിടർത്താം.... സന്തോഷിക്കാം........*

*ഇൻഫർമേഷൻ വിരൽത്തുമ്പിൽനിറഞ്ഞാടുകയാണ്. കുഞ്ഞുമസ്തിഷ്കത്തിലേക്ക് അറിവിന്റെ ലാവ ഒഴുകുകയാണ്. നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗണപത് ബോയ്സ് ഹൈസ്കൂളിലെ* ***"LITTLE KITES"*** *അംഗങ്ങൾ മുൻകൈ എടുത്ത് തയ്യാറാക്കിയ* ***"THINK POT"*** *എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.....ഡിജിറ്റൽ യുഗത്തിൽ വിജയം വെട്ടിപ്പിടിക്കാൻ ഏവർക്കുംകഴിയട്ടെ ....എന്ന് ആശംസിക്കുന്നു ........ എല്ലാ ഭാവുകങ്ങളും നേരുന്നു*

==============

# സ്കൂൾ ചരിത്രം

*തളി സാമൂതിരി ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന ശ്രീ. ഗണപത് റാവു 1886 ൽ, സ്വന്തം വീട്ടുവളപ്പിൽ ആരംഭിച്ച നേറ്റീവ് ഹൈസ്കൂളാണ് പിന്നീട് ഗണപത് ഹൈസ്കൂളായി മാറിയത്. സമൂഹത്തിലെ അവർണ്ണർക്കും പാവപ്പെട്ടവർക്കും വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നത് കണ്ട് മനസ്സ് മടുത്ത അദ്ദേഹം നേറ്റീവ് ഹൈസ്കൂൾ സാധാരണക്കാർക്കായി തുറന്നു കൊടുത്തു. മലബാറിലെ ദേശീയ പ്രസ്ഥാനത്തിന്റെ ഒരു കേന്ദ്രമായി ഗണപത് റാവു നേറ്റീവ് ഹൈസ്കൂളിനെ രൂപപ്പെടുത്തി. ഐഹിക ജീവിതത്തോട് വിരക്തി തോന്നിയ അദ്ദേഹം സന്യാസം സ്വീകരിച്ച് സ്വാമി സുവിചരാനന്ദ ആയപ്പോൾ നേറ്റീവ് ഹൈസ്കൂളിന്റെ ഭരണച്ചുമതല മകനായ സർവ്വോത്തം റാവുവിൽ നിക്ഷിപ്തമായി. പിതാവിന്റെ സ്മരണ നിലനിർത്താനായി സ്കൂളിന്റെ പേര് 1928 ൽ ഗണപത് ഹൈസ്കൂൾ എന്നാക്കി മാറ്റി.*

***1957** ൽ ഗണപത് ഹൈസ്കൂൾ സർക്കാർ നിയന്ത്രണത്തിൽ വരികയും ഗവ. ഗണപത് ഹൈസ്കൂളായി മാറുകയും ചെയ്തു. ശ്രീ. ഗണപത് റാവു ആയിരുന്നു ആദ്യത്തെ ഹെഡ് മാസ്റ്റർ. ഇന്ത്യൻ ദേശീയ ചരിത്രത്തിലും, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, സാഹിത്യ, കായിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി വ്യക്തികൾ ഈ വിദ്യാലയത്തിന്റെ പൂർവ്വാധ്യാപകരായും വിദ്യാർത്ഥികളായും അറിയപ്പെടുന്നു*

==========




LIBRARY
D-BLOCK

# ബ്ലാക്ക് ബോർഡ്

എം കെ സൂര്യ നാരായണൻ

*മൂന്ന കാലിൽ ചാരിക്കിടന്ന്*
*ചരിത്രം കാണുകയും*
*ചരിത്രം രചിക്കുകയും ചെയ്ത എന്നെ*
*ചരിത്രത്തിലേക്കുയർത്താൻ*
*ചുമരിൽ സ്ഥലം മാറ്റിയപ്പോൾ*
*എനിക്കു കാലുകൾ നഷ്ടമായി*

*വിശാലാക്ഷി ടീച്ചർ കണ്ണ് പറിച്ച*
*നെഞ്ചത്തു വിരിച്ചിട്ടപ്പോൾ*
*കാഴ്ച്ചയുടെ കാണാപ്പുറങ്ങൾ*
*കുട്ടികൾക്കൊപ്പം ഞാനുമറിഞ്ഞു*

*സൂക്ഷ്മദർശിനിയിലൂടെ ലോകംകണ്ട*
*ബാലൻമാഷ് കാണാതെ പോയ*
*അഞ്ജുവിന്റെയും സിന്ധുവിന്റെയും*
*ചിതറിയ സ്വപ്നങ്ങൾ*
*ഒളിഞ്ഞു കണ്ടത് ഞാൻ മാത്രം*

*വള്ളത്തോളും വയലാറും*
*ചങ്ങമ്പുഴയും ആശാനും*
*ലീലാവതി ടീച്ചറേക്കാൾ*
*എനിക്ക് മനഃപാഠമായിരുന്നു*

*രാധയുടെ പിഞ്ഞിപ്പോയ പാവാടയുടെ*
*നൂലിഴകളിലെഴുകിയ കണ്ണീരും*
*അമ്മത്തൊട്ടിലില്ലാത്തഅനന്തുവിന്റെ*
*നക്ഷത്രതാരാട്ടിനുള്ള തേങ്ങലും*
*തെളിഞ്ഞു കണ്ടത് ഞാൻ*
*കാഴ്ചകൾ കണ്ടും ചരിത്രമെഴുതിയും*
*നരച്ചുപോയ എനിക്കൊരുങ്ങാൻ മാത്രം*
*വർണക്കൂട്ടുകളില്ല*
*കറുത്തചായം മാത്രം*

# ഇ വസ്ത്രങ്ങൾ

ദിൽജിത് ദിനേശൻ

Class 8B

*ഇലക്ട്രോണിക്ക് വസ്ത്രങ്ങളാണ് ഇ- വസ്ത്രങ്ങൾഎന്ന ചുരുക്ക പേരിലറിയപ്പെടുന്നത്. പ്രകൃതിദത്ത നാരുകൾ കൊണ്ട് നൂൽ നൂറ്റാണ് വസ്ത്രനിർമ്മാണ രംഗത്തിന്റെ ഒന്നാം തലമുറ കടന്നു പോയത്. പിന്നീട് സിന്തറ്റിക്, പെട്രോളിയം എന്നിവ കൂടി സ്ഥാനമാക്കിയുള്ള നൈലോൺ, പോളിസ്റ്റർ എന്നിവയുടെ രണ്ടാം തലമുറവന്നു. പദാർത്ഥ ശാസ്ത്രമായ നാനോടെക്നോളജിയെ കൂട്ടുപിടിച്ചാണ് ചിന്തിക്കും വസ്ത്രങ്ങളുടെമൂന്നാംതലമുറവികസിച്ചുവരുന്നത്.ഇവ തീർച്ചയായും ബയോമെഡിക്കൽ, സൈനിക രംഗങ്ങളിൽ വിപ്ലവകരമായമാറ്റങ്ങൾക്ക് വഴി തെളിക്കും.തൊണ്ണൂറുകളുടെ മധ്യത്തോടെ മസാച്യൂസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഗവേഷണ വിഭാഗത്തിലുരുത്തിരിഞ്ഞ ആശയമാണ് ധരിക്കാവുന്നകമ്പ്യൂട്ടർ. പല ബഹുരാഷ്ട്ര കമ്പനികളുംഈ പ്രദർശന സാങ്കേതികവിദ്യ പ്രയോഗവൽക്കരിക്കാൻ തയ്യാറായിട്ടുണ്ട്. സൈനിക വസ്ത്രങ്ങളിലെങ്ങനെ ഇലക്ട്രോണിക് സങ്കേതങ്ങളെ സമന്വയിപ്പിക്കാമെന്നദിശയിലുള്ളപഠനങ്ങൾക്ക്ആയുധക്കച്ചവടകലത്തൊഴിലായിരിക്കുന്ന പിന്തുണയും ലഭിക്കുന്നു. അതിസൂക്ഷ്മമായ നാനോ ഫൈബറുകൾ ഉപയോഗിച്ച്സൃഷ്ട്ടിക്കുന്ന ഈ വസ്ത്രങ്ങൾക്ക് പരസ്പരം സംവദിക്കൽ ശേഷിയുള്ളവാർത്തവിനിമയഉപാധിപോലെപ്രവർത്തിക്കാനും*

*നിങ്ങളൊരുഷോപ്പിംഗ്കോംപ്ലക്സിലേക്ക്പ്രവേശിച്ചിരിക്കുന്ന,നിങ്ങൾക്കാവശ്യമായ നിങ്ങൾതിരയുന്നപ്രിയഉത്പന്നംഎവിടെയാണുള്ളത്എന്ന്പറഞ്ഞുതരാനും വസ്ത്രങ്ങൾക്ക് സാധിക്കും. വഴിതെറ്റിയാൽ നേർവഴിക്ക് നയിക്കാനുള്ള നാവിഗേഷൻ സംവിധാനവും അതിലുണ്ട്. ചുറ്റുപാടുകൾക്കനുസരിച്ച് താപനില ക്രമീകരിക്കാനും അതിനു കഴിയും .ശരീരത്തിലെ രക്തസമ്മർദ്ദം, പഞ്ചസാരയുടെ അളവ് എന്നിവ ഇടയ്ക്കിടെ പരിശോധിച്ച് വിവരം നൽകിക്കൊണ്ടിരിക്കുന്ന വ്യക്തിഗത മുന്നറിയിപ്പ് സംവിധാനമായും പ്രവർത്തിക്കാൻ ശേഷിയുള്ള ഇ-വസ്ത്രങ്ങൾ വാർദ്ധക്യകാല ആരോഗ്യപ്രശ്നങ്ങൾ അലട്ടുന്നവർക്ക് തീർച്ചയായും ആശ്വാസകരം തന്നെയായിരിക്കും.*

================

## സ്വാതന്ത്ര്യത്തിന്റെ കനൽ വഴികൾ - ചരിത്ര പ്രദർശനം



കവിത

ശാലിനി . സി

# മറവി




നെറ്റിയിൽ വെച്ച പൊട്ട് ശരിയായില്ലേ
ആദ്യം വലത്തോട്ട് നീക്കിവെച്ച
പിന്നെ ഇടത്തോട്ടും
എത്ര നീക്കിവെച്ചിട്ടും മധ്യത്തിലായതേയില്ല.
ഒടുവിൽ,
മറ്റൊരുത്തിയോട് ചോദിക്കാനുറച്ച
മുകളിലേക്ക് അല്ല താഴേക്ക്
ഇടത്തോട്ടോ, വലത്തോട്ടോ
അവൾ തോൽവി സമ്മതിച്ചു.
അവൾക്കറിയില്ലായിരുന്നു !!
അവൾക്കറിയേണ്ടതല്ലേ ?

ഒടുവിലൊടുവിൽ
സ്ഥാനമറിഞ്ഞപ്പോഴേക്കും
അതടർന്നുപോയിരുന്നു...
ഒരിടത്തും ഉറച്ചുനിൽക്കാനാവാതെ...
നെറ്റിയിൽ വെച്ച പൊട്ട് ശരിയായില്ലേ
ഞാനിപ്പോഴും പരതിക്കൊണ്ടിരിക്കുന്നു...

# മിന്നാമിന്നി

അഭയ് എസ്. കുമാർ



പ്രകാശിക്കുന്ന വസ്തുക്കളെല്ലാം നമുക്ക് കൗതുകമാണ്.പ്രത്യേകിച്ച് രാത്രി കാലങ്ങളിൽ ഇരുളിൽ ചില തീപ്പൊട്ടുകൾപോലെ പാറി വരുന്ന മിന്നാമിനുങ്ങുകളെകാണുന്നത് നമുക്കേവർക്കും താല്പര്യമാണ്. എങ്ങനെയാണ് മിന്നാമിനുങ്ങുകൾ പ്രകാശിക്കുന്നത് എന്നറിയേണ്ടേ ?

മിന്നാമിനുങ്ങുകളുടെ ശരീരത്തിൽ നടക്കുന്ന ചില രാസ പ്രവർത്തനങ്ങളുടെ ഫലമായാണ് അവ സ്വയം പ്രകാശം പുറപ്പെടുവിക്കുന്നത്.അവയുടെ ശരീരത്തിലുള്ള 'ലൂസിഫറിൻ' എന്ന ഒരു പ്രോട്ടീൻ ലൂസിഫറേഡ് എന്ന എൻസൈമിന്റെ സാന്നിദ്ധ്യത്തിൽ അന്തരീക്ഷ ഓക്സീകരണത്തിന് വിധേയമാകുമ്പോൾ ധാരാളം പ്രകാശോർജ്ജം സ്വതന്ത്രമാകുന്നു. ബയോലൂമിസൻസ് എന്നാണ്ഈ പ്രതിഭാസം അറിയപ്പെടുന്നത്.


============

# LOSS OF 2018: SCIENTISTS


ADIL P @ATHULDAS



- ***Baldev Raj*** *(9 April 1947 – 6 January 2018) was an Indian scientist and director of the* Indira Gandhi Centre for Atomic Research *(IGCAR) in* Kalpakkam, India. *He was also the director of the* National Institute of Advanced Studies.



- ***Tiruvalam Natarajan Krishnamurti*** *(1932 – February 7, 2018) was an* Indian meteorologist. *He was a* Professor emeritus *at* Florida State University, *where prior to his retirement he was the Lawton Distinguished Professor of Meteorology*



- ***Ennackal Chandy George Sudarshan*** *(also known as* ***E. C. G. Sudarshan****; 16 September 1931 – 14 May 2018)was an Indian theoretical* physicist *and a professor at the* University of Texas.

- **Sir Charles Kuen Kao** (4 November 1933 – 23 September 2018) was a physicist and electrical engineer. In the 1960s, Kao created various methods to combine glass fibres with lasers in order to transmit digital data, which laid the groundwork for the evolution of the Internet. "Communication as we know it, including the Internet, would not exist



- **Stephen William Hawking** (8 January 1942 – 14 March 2018) was an English theoretical physicist, cosmologist, and author, who was director of research at the Centre for Theoretical Cosmology at the University of Cambridge at the time of his death.He was the Lucasian Professor of Mathematics at the University of Cambridge between 1979 and 2009.



- **Osamu Shimomura** (Shimomura Osamu, August 27, 1928 – October 19, 2018) was a Japanese organic chemist and marine biologist, and Professor Emeritus at Marine Biological Laboratory (MBL) in Woods Hole, Massachusetts and Boston University School of Medicine. He was awarded the Nobel Prize in Chemistry in 2008



## ടീച്ചർ എന്നെയൊന്നു തോൽപ്പിക്കൂ.... പ്ലീസ്

*സുജയ കെ.പി*

*ആൺകുട്ടികൾ മാത്രം പഠിക്കുന്ന ചാലപ്പുറം ഗണപത് ബോയ്സ് ഹൈസ്കൂളിൽ സ്ഥലംമാറ്റം കിട്ടുമ്പോൾ മനസ്സിൽ ആശങ്കയായിരുന്നു. പക്ഷേ, അവർണർക്ക് വിദ്യ അന്യമായപ്പോൾ സ്വന്തം വീട്ടുവളപ്പിൽ വിദ്യാലയം തുടങ്ങിയ മഹാനായ ഗണപത് റാവുവിന്റെ സാന്നിധ്യമുള്ള മണ്ണിൽ ഇപ്പോൾ പതിനഞ്ചു വർഷങ്ങൾ പിന്നിടുന്നു.*

*അനുഭവങ്ങളും ഓർമ്മകളും ചികഞ്ഞുനോക്കിയാൽ മനസ്സിൽ തെളിയുന്ന ഒരു മുഖമുണ്ട്. ഗോപീകൃഷ്ണൻ. ഒപ്പം കണ്ണീരൊഴിയാത്ത അവന്റെ അമ്മയുടെയും. ചെറുപ്പത്തിലേ അച്ഛൻ നഷ്ടപ്പെട്ടു. പ്രസ്സിലെ തുച്ഛമായ വരുമാനത്തിൽ ജീവിക്കുന്ന അമ്മയും മൂന്നു കുട്ടികളും.*

*എന്റെ എട്ടാംക്ലാസ്സിലെ കൊച്ചുകുട്ടികളുടെ ഇടയിൽ, കട്ടിമീശയും, 'സോഡാഗ്ലാസ് കണ്ണടയുമായി കാരണവരെപ്പോലെ ' ഒരു പതിനേഴുകാരൻ. അക്ഷരങ്ങളും അക്കങ്ങളും ഒരു കരുണയും കാണിക്കാതെ അവൻ വഴങ്ങാതെ നിന്നു. എട്ടാം ക്ലാസ്സിലും രണ്ടാമൂഴക്കാരൻ. എന്നാലും സ്കൂളിലെ മൈക്ക്സെറ്റ് റെഡിയാക്കാനും പൊട്ടിയ പൈപ്പ് നന്നാക്കാനും ഓടിയെത്തുമായിരുന്നു. പത്താംക്ലാസ്സ് വരെയെങ്കിലും മകനെ പഠിപ്പിക്കണം എന്നാഗ്രഹിച്ച അമ്മ എന്നെ*

കാണുമ്പോളൊക്കെ പറയും: “28-ാംമത്തെ വയസ്സിൽ ഒറ്റപ്പെട്ടുപോയതാ... എത്രവേണമെങ്കിലും കഷ്ടപ്പെടാം. ഒന്നു പാസ്സായാൽ മതിയായിരുന്നു. അച്ഛനില്ലാത്ത കുട്ടിയെ പഠിപ്പിക്കാതെ, പണിക്കയച്ചാൽ നാട്ടുകാരും വീട്ടുകാരും കുറ്റപ്പെടുത്തും." നന്നായി പഠിക്കുവാനും പരീക്ഷ എഴുതാനും അമ്മയോട് നീതി കാണിക്കാനും ഉപദേശിച്ചുകൊണ്ടേയിരുന്നു. അച്ഛനില്ലാത്ത കുട്ടികളോട് എന്നും പ്രത്യേക വാത്സല്യമായിരുന്നു.

മാർച്ച് 31 ന് യാത്രയയപ്പ് മീറ്റിംങ് കഴിഞ്ഞ് സന്ധ്യക്ക് ധൃതിയിൽ മടങ്ങുമ്പോഴാണ് മുറ്റത്തെ വലിയ മരത്തിനിടയിൽ മറഞ്ഞുനിന്ന അവനെ കണ്ടത്. “ടീച്ചർ എന്നെ ഈ വർഷവും തോൽപ്പിക്കണം. പ്ലീസ്... പാസായാൽ അമ്മ പിന്നെയും പഠിപ്പിക്കും. എനിക്ക് എന്തെങ്കിലും ജോലി ചെയ്താൽ മതി. അമ്മയ്ക്ക് ശ്വാസം മുട്ടലാണ്. അതൊന്നും വകവെയ്ക്കാതെയാണ് പ്രസ്സിൽ പോവുന്നത്. ഇനിയും തോറ്റു തോറ്റ് പത്തിലെത്തുമ്പോൾ ഇരുപത് വയസ്സാകും. എന്റെ ക്ലാസ്സിലെ 'കാരണവരു'ടെ കണ്ണിൽ നനവ്.

അമ്മയുടെ മുഖം ഒരു നോവായി ഉള്ളിലുള്ളപ്പോൾ ഒന്നും പറയാൻ കഴിഞ്ഞില്ല. എന്നും കുട്ടികളുടെഭാഗത്ത് നിൽക്കാനായിരുന്നു താത്പര്യം.പിന്നീട്... എട്ടു വർഷങ്ങൾക്കുശേഷംമിഠായിത്തെരുവിലെതിരക്കിനിടയിൽ

'എന്നെയോർമ്മയുണ്ടോ ടീച്ചറേ?' എന്നു പറഞ്ഞു കൈപിടിച്ചപ്പോൾ ആദ്യമൊന്നു പകച്ചുപോയി. മീശ ഒന്നുകൂടി കനത്തിട്ടും നല്ല സ്റ്റൈലൻ

കണ്ണടയിലും ഞാനവനെ തിരിച്ചറിഞ്ഞു. "ഇപ്പോൾ പ്ലംബിങ്, ഇലക്ട്രിക്ക് വർക്ക് ഒക്കെയുണ്ട്. ടൗണിൽ രണ്ടുഷോപ്പുണ്ട്. നഗരത്തിലെ പ്രശസ്തമായ ഹോസ്പിറ്റലിന്റെ മുഴുവൻ വർക്കും ഞങ്ങളുടെ യൂണിറ്റാണ് ചെയ്തത്. പിന്നെ സുഹൃത്തിനോടൊപ്പം വാങ്ങിയ ടൂറിസ്റ്റ് വണ്ടിയും." അവന്റെ വാക്കുകളിൽ നിറയുന്ന ആഹ്ലാദം ഞാനും അനുഭവിച്ചറിഞ്ഞു. ചേച്ചിയുടെ കല്യാണം കഴിഞ്ഞു. അനിയൻ ബി.ടെക്കിനു പഠിക്കുന്നു. അമ്മ എന്റെ കൂടെ (അവന്റെ അമ്മയുടെ മുഖം ഒരു നനഞ്ഞ കരടായി ഉള്ളിൽ എപ്പോഴും ഉണ്ടായിരുന്നു). എട്ടാം ക്ലാസ്സിൽ രണ്ട് തവണ തോറ്റത് അവൻ ജീവിതത്തിൽ വിജയിക്കാനായിരുന്നു. ആഹ്ലാദം കൊണ്ട് എന്റെ കണ്ണും നിറഞ്ഞു പോയി.

===============

## വൃദ്ധസദനത്തിൽ സാന്ത്വനവുമായി....



# കമ്പ്യൂട്ടർ എന്ന ഉപകരണം

സാബു കെ ജെ

ത്രീ ഇഡിയട്ട്സ് എന്ന Bollywood സിനിമയിൽ എഞ്ചിനീയറിംഗ് ക്ലാസ്സിൽ പ്രിൻസിപ്പൽ രാജുവിനോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്:How induction motor starts? രാജുവിൻറെ മറുപടി എല്ലാവരേയും ചിരിപ്പിക്കുന്നു.

ടർ.......ടർ...........നമ്മുടെ കുട്ടികളോട് കുറച്ചുകാലം മുമ്പുവരെ ഡീസൽ എഞ്ചിൻ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ചോദിച്ചാൽ ഒരു പക്ഷേ ഇത് തന്നെ ആയിരിക്കും മറുപടി. ഇന്ന് ഒരു സ്മാർട്ട് ക്ലാസ് റൂമിൽ വെച്ച് ഒരധ്യാപകന് ഡീസൽ എഞ്ചിൻ പ്രവർത്തിക്കുന്നത് വിശദീകരിക്കാൻ ഒരുപാട് മിനക്കെടേണ്ടി വരില്ല. യൂട്യൂബിൽ how diesel engine works എന്ന്search ചെയ്താൽ ധാരാളം videos ലിസ്റ്റ് ചെയ്തു വരും. ഒന്നോ രണ്ടോ മിനുറ്റുള്ള ഒരു video കാണിച്ചുകൊടുത്തുകൊണ്ട് കുട്ടികൾക്ക് വളരെ എളുപ്പം ഇത് മനസ്സിലാക്കിക്കൊടുക്കാൻ കഴിയും. ആരോ ഒരാൾ animation software ഉപയോഗിച്ച് നിർമ്മിച്ചെടുത്ത video അമേരിക്കയിലോ മറ്റോ ഉള്ള ഏതോ ഒരു server computer ൽ നിന്ന് നിങ്ങളുടെ ക്ലാസ് റൂമിൽ എത്തുന്നു. Computer Technology യും Communication Technology യും ചേർന്ന Information Technology (IT) യുടെ വികാസം വിദ്യാഭ്യാസത്തിൽ കൊണ്ടുവന്ന മാറ്റത്തെ സൂചിപ്പിക്കാനാണ്ഇത്പറഞ്ഞത്.ഫലപ്രദമായവിദ്യാഭ്യാസത്തിനു ഒഴിച്ചുകൂടാനാവാത്തഒരുഉപകരണമായി

IT മാറിയിരിക്കുന്നുഎന്നപോലെഇതൊരുഉപകരണംമാത്രമാണെന്നതിരിച്ചറിവുംനമുക്കുണ്ടാവേണ്ടതാണ്.

ക്ലാസ് മുറികൾ കേന്ദ്രീകരിച്ചുള്ള ഇന്നത്തെ പഠന സമ്പ്രദായത്തിൽ പലകാര്യങ്ങളെ കുറിച്ചും അനുഭവിച്ചറിയാനുള്ള സാഹചര്യം കുട്ടികൾക്ക് കിട്ടുന്നില്ല. ഉദാഹരണത്തിന് പൊക്കാളി കൃഷി രീതിയെക്കുറിച്ചു അധ്യാപകൻ എങ്ങനെയെല്ലാം വിശദീകരിച്ചു കൊടുത്താലും കുട്ടികൾക്കതു മനസിലായിക്കൊള്ളുണമെന്നില്ല. എന്നാൽ പൊക്കാളി കൃഷിയെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി വീഡിയോ കാണിച്ചുകൊടുക്കാൻ കഴിഞ്ഞാൽ ആ കൃഷിയിൽ തന്നെ കുട്ടി ആകൃഷ്ടനായേക്കാം. Open Office , MS Office മുതലായ software ഉപയോഗിച്ച് പാഠഭാഗങ്ങൾക്കനുയോജ്യമായ ചിത്രങ്ങൾ, പട്ടികകൾ, ഗ്രാഫ് കൾ മുതലായവ ഉൾപ്പെടുത്തിയുള്ള സ്ലേഡ്കൾ ഉണ്ടാക്കി, അവ ഉപയോഗിച്ചുകൊണ്ട് ക്ളാസ്സുകൾ ആകർകങ്ങളാക്കാൻ അധ്യാപകർക്ക് കഴിയുന്നു. ക്രിയേറ്റിവ് ആയ അധ്യാപകർ ഉണ്ടാക്കുന്ന ഇത്തരം റിസോഴ്സസ് മറ്റുള്ളവർക്കുകൂടി ഉപകരിക്കുന്ന തരത്തിൽ ഒരു പോർട്ടലിലേക്കു അപ്‌ലോഡ് ചെയ്യുവാനുള്ള സൗകര്യവും ഇന്നുണ്ട്. കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ അവിശ്വസനീയമായ വളർച്ച ലോകത്തെവിടെയുമുള്ള റിസോഴ്‌സ് (text, audio, video) നമ്മുടെവിരൽത്തുമ്പിലെത്തിക്കുന്നു ദൂരം ഒരു പരിമിതിയല്ലാതായിരിക്കുന്നു. എവിടേയുമുള്ള ഏതു വിദഗ്ധന്റെയും ക്ളാസ്സുകളും ഉപദേശങ്ങളും നിങ്ങളുടെ പഠനമുറിയിലെത്തുന്നു. വിദൂര വിദ്യാഭ്യാസം ക്ലാസ് മുറികൾ നിങ്ങളുടെ

വീട്ടിലെത്തിച്ചിരിക്കുന്നു.

ഇന്റർനെറ്റ് ഇന്ന് നമുക്ക് നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതായി തീർന്നിരിക്കുന്നു. സംശയങ്ങൾ ദൂരീകരിക്കാൻ ടീച്ചർ എന്തിന്, ഗൂഗ്ളില്ലേ എന്ന് കുട്ടികൾ ചോദിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇവയെല്ലാം എത്രത്തോളം ഗുണകരമായി നമ്മുടെ വിദ്യാർത്ഥികളും അധ്യാപകരും ഉപയോഗിക്കുന്നുണ്ട്എന്ന് പരിശോധിക്കേണ്ടതാണ്. സമസ്തമേഖലകളിലുംഅനിവാര്യമായിത്തീർന്നിട്ടുള്ള ഇൻഫർമേഷൻ ടെക്നോളോജിയുടെ അനിയന്ത്രിദമായ ഉപയോഗം മറ്റുമേഖലകളിലെന്നപോലെയോ അതിനേക്കാൾ കൂടുതലായോ വിദ്യാർത്ഥി സാമൂഹത്തേയും ചാലതരത്തിലെങ്കിലും ദോഷകരമായി ബാധിക്കുന്നുണ്ട്. ഒരു കാര്യം ഗ്രഹിക്കുന്നതിൽ വിദ്യാർത്ഥി ഉപയോഗിക്കേണ്ട ബൗദ്ധിക വ്യായാമത്തെ ലഘൂകരിക്കുന്നത് ക്ളാസ്സ്റൂമിൽ ഗുണകരമാവുമെങ്കിലും കുട്ടിയുടെ ബൗദ്ധിക വികാസത്തിന് തടസ്സമായേക്കാമെന്ന അഭിപ്രായങ്ങളുണ്ട്. ഉദാഹരണത്തിന് ആദ്യം പറഞ്ഞ ഡീസൽ എഞ്ചിന്റെ പ്രവർത്തനം ഒരു വീഡിയോയിലൂടെ അനായാസമായി കുട്ടി മനസ്സിലാക്കുമ്പോൾ അവന്റെ/അവളുടെ ചിന്തക്കും ഭാവനയ്ക്കും വികസിക്കുവാനുള്ള സാധ്യതക്ക് മങ്ങലേൽക്കുന്നു. അതുകൊണ്ടുതന്നെ കാര്യങ്ങൾ ഗ്രഹിക്കുവാൻ കുട്ടിയെപ്പോഴും ഇത്തരം കുറുക്കുവഴികളന്വേഷിച്ചു പോകുന്നു. അതുമൂലം ബുദ്ധിക്കും ഓർമക്കും അലസത കൈവരുന്നു. ഇത് കുട്ടിയെ കമ്പ്യൂട്ടറിന്റെ ഒരു തരത്തിലുള്ള അടിമയാകുന്നു..

റഫറൻസഗ്രന്ഥങ്ങൾമാത്രമല്ലഡിക്ഷ്ണറിപോലുംനമ്മുടെകുട്ടികൾഉപയോഗിക്കാതായിരിക്കുന്നു. കമ്പ്യൂട്ടറിൽ പഠനത്തിനും മറ്റുമുള്ള ഉപകാരപ്രദമായ അനേകം സോഫ്റ്റ്‌വെയർ ഉള്ളതുപോലെ കുട്ടികളെ വഴിതെറ്റിക്കുന്നതും അവരുടെ സമയം

നഷ്ടപ്പെടുത്തുന്നതുമായ ഗെയിമുകൾ പോലെയുള്ള സോഫ്റ്റ്‌വെയർ ഉണ്ടെന്നുള്ളത് വളരെ ശ്രദ്ധിക്കേണ്ടതാണ്.

പഠനകാര്യങ്ങൾക്കല്ലാതെ കമ്പ്യൂട്ടറും സ്മാർട്ട് ഫോണും നമ്മുടെ കുട്ടികൾക്ക് നൽകുന്നത് ഗുണത്തേക്കാൾ ദോഷം ചെയ്യും. ഇത്തരം ദൂഷ്യാത്മകമായ വശങ്ങൾ തിരിച്ചറിഞ്ഞു കമ്പ്യൂട്ടറും ഇന്റർനെറ്റും ഉപയോഗിക്കാൻ അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളെ നിയന്ത്രിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതാണ്.



## ഊർജ്ജം വന്ന വഴിയേ

ആനന്ദ് എൻ



നമുക്ക് വേണം വെട്ടം
വെട്ടം നൽകും ഊർജ്ജം
സൂര്യനിൽനിന്നും കടലിൽനിന്നും
കാറ്റിൽ നിന്നും ഊർജ്ജം
ആരുടേതാണിത് കൂട്ടരേ

രാവിലെ എത്തും സൂര്യൻ
നമുക്ക് വെട്ടം നൽകീടാൻ
പിന്നീടെത്തും കാറ്റിൻ വഴിയെ
നമുക്ക് വിയർപ്പകറ്റീടാൻ
ഒരു കാലത്തും വറ്റാതങ്ങനെ
നില നിൽക്കുന്നു നമ്മൾക്കായ്

ഒരു കാലത്തും വറ്റാതങ്ങനെ
നില നിൽക്കുന്ന നമ്മൾക്കായ്
കാലം പോകും വഴിയെ നമ്മൾ
ഊർജ്ജം തേടിപ്പോകുന്നു

# LOVE AND AFFECTION



# हंसी की फुलझडियां

## षिजि कॆ कॆ

पत्नी (फोन पर) - विंडो नहीं खुल रही, क्या करूं ?
पति - थोडा गरम पानी डाल दो, खुल जाएगी।
(थोडी देर बाद पति ने फोन करके पूछा)
पति - विंडो खुल गयी क्या ?
पत्नी - विंडो का तो पता नहीं, अब तो लापटॉप भी ऑन नहीं हो रहा है ।

पापा - बेटा इस बार ९० प्रतिशत अंक लेकर आना।
बेटा - पापा इस बार १०० प्रतिशत लेकर आऊँगा।
पापा - बेटा मजाक मत कर।
बेटा - शुरुआत तो आपने ही की।

पापा- जब भी तू कोइ शरारत करता है तो चिंता के कारण मेरा एक बाल सफेद हो जाता है।
बेटा - पापा तो अभी मुझे पता चला कि दादाजी के सारे बाल सफेद क्यों हैं

# വായിക്കേണ്ടത് എങ്ങനെ ?

അബു അഫ്താർ

IX D

*ഇടയ്ക്കിടെ വായന നിർത്തി, അതു വരെ വായിച്ച കാര്യം മനസ്സിൽ പതിഞ്ഞെന്ന് ഉറപ്പുവരുത്തണം. സംശയമുള്ള ഭാഗം വീണ്ടും വായിക്കാൻ ഒരിക്കൽ പിന്നിട്ട വരികളിലേക്കു മടങ്ങിച്ചെല്ലാം.*



*ശാസ്ത്രീയമായ വായനയ്ക്കു പല രീതികളുണ്ട്. അവയിലൊന്നാണ് 4R സമ്പ്രദായം - Read, Recall, Reflect,Review.*

*Read: ഒഴുക്കനായി വായിച്ചുപോയാൽ പോര. പുസ്തകത്തിലെ ഓരോ പോയിന്റും ശ്രദ്ധയോടെ മനസ്സിലാക്കി,ചോദ്യം ചെയ്യേണ്ടവ ചോദ്യം ചെയ്ത് ഉത്തരം കണ്ടെത്തി, ആശയം ബോധ്യപ്പെട്ടു വരികളിലൂടെ കടന്നുപോകുക.*

*Recall: ഒരു ഖണ്ഡികയോ പാഠഭാഗമോ വായിച്ചുകഴിയുമ്പോൾ പുസ്തകമടച്ചുവച്ച്, വായിച്ച കാര്യം കൃത്യതയോടെ ഓർമ്മിക്കാൻ ശ്രമിക്കുക. ഫോർമുലയും*

*നിർവചനവും ശാസ്ത്രനിയമവും ഓർമ്മയിൽ നിന്ന് എഴുതാൻ കഴിയണം. ആശയംചോർന്നുപോയെന്നുതോന്നിയാൽ, വീണ്ടും വായിച്ച് ആശയം മനസ്സിലുറപ്പിക്കുക. ആവശ്യമെങ്കിൽ, നോട്ട് കുറിച്ചുവയ്ക്കുകയുമാകാം.*

*Reflect: പുതുതായി പഠിച്ച കാര്യങ്ങളുടെ വിവിധ വശങ്ങളെപ്പറ്റി*

*നേരം കിട്ടുമ്പോൾ ആഴത്തിൽ ചിന്തിച്ച്, പഴയ അറിവുകളുമായി കോർത്തിണക്കി മനസ്സിൽ ബലമായിഉറപ്പിക്കുക. ഇതു പഠനത്തെ പ്രോഷിപ്പിക്കും. പുതിയ അറിവ് ആവശ്യാനുസരണം പ്രയോഗിക്കാനും ഇതു വഴി നൽകും.*

*(Reading without reflecting is like eating without digesting)*

*Review: മുൻപു വായിച്ച പുസ്തകമോ, സ്വയം തയാറാക്കിയ കുറിപ്പുകളോ, വല്ലപ്പോഴുമൊക്കെ നോക്കുന്നത്*
*മറന്നുപോയ കാര്യങ്ങളെ മനസ്സിലേക്കു കൊണ്ടുവന്നു പഠനത്തെ അരക്കിട്ടുറപ്പിക്കുന്നു.*

============

# THE BELOVED STAR

SOURAV K T

IX C



*The Sun is one of millions of stars in the Universe. It is not the biggest or the smallest one .But for us,the living beings on Earth, it is very special. Without the sun there wouldn't be the life on Earth. So,it's truly our beloved star.*

** The sun is the most powerful magnet in the solar system .*
** It has a very big magnetic field.*
**The sun is 149.6 million km away from Earth.*
**It takes about 8 minutes and 20 seconds for the sunlight to reach Earth after it as left the Sun.*

## FIRST DISCOVERY



*Anaxagoras, a Greek philosopher was in the first to suggest ,around 450 BC, that the sun is the star.*

## SOHO

***** *Helioseismology is the study of the inside of the sun . The sun is studied using satellite, the main one being the*

*SOHO.Helioseismology is the study of the inside of the sun . The sun is studied using satellite, the main one being the SOHO*

## AU

** Since the earth travels in an elliptical orbit around the sun, The distance between the two bodies varies from147 to 152 million km The average distance between the earth and sun is called an Astronomical unit (AU)*


## PHOTO OF THE SUN





*A French amateur photographer named lerebours took first photograph of sun in 1842*


# Quotations

ADIL P



# ഉറക്കം

ട്രീസ ജേക്കബ് .ടി.

ഇത് എഴുതാൻ ഇരുന്നപ്പോൾ എന്തൊക്കെയോ മനസ്സിൽ ഓടി മറിഞ്ഞു. പെട്ടെന്ന് തന്നെ മാഞ്ഞ് പോവുകയും ചെയ്തു. ഇപ്പോൾ നിർവികാരമായ മനസ്സ്.

എന്തിന് പേന എടുത്തു ?

എന്ത് എഴുതും ?

മനസ്സിലേക്ക് ഒന്നും ഓടിവരുന്നില്ല ......

മകൻ അടുത്തിരുന്ന് പ്രാർത്ഥിക്കുന്നുണ്ട്.

സമയം രാത്രി 10:30

വീണ്ടും മനസ്സ് എന്തൊക്കെയോ എഴുതാൻ പറയുന്നു.

എഴുതാൻ ആവശ്യപ്പെട്ടു.

അപ്പോഴാണ് എന്റെ ഉറക്കവും പ്രാർത്ഥനനേയും കുറിച്ച് ഓർത്ത് പോയത്.

മിക്കപ്പോഴും പ്രാർത്ഥിക്കാൻ ഇരിക്കുമ്പോൾ മനസ്സ് ഉറക്കത്തിലേക്ക് പോകും. മിക്കപ്പോഴും പ്രാർത്ഥന ഒരു പുലമ്പലായി മാറുന്നുണ്ടാവും. ഒരു കടമ വിർവ്വഹിക്കാൻ മാത്രം. പെട്ടെന്ന് എന്റെ മനസ്സിലേക്ക് ആരോ എന്നോട് ചോദിക്കുന്നത് പോലെ ,

'നീ എന്തുകൊണ്ട് രാത്രി പ്രാർത്ഥിക്കാൻ ഇരുന്നാൽ ഉടൻ ഉറങ്ങിപ്പോവുന്നു'.?

ഒരു വലിയ ചോദ്യം തന്നെയായിരുന്നു.

ഞാൻ ഓർത്തു: കുടുംബ പ്രാർത്ഥനയിലും ഉറങ്ങിപ്പോവുന്നു.

ഇനിയെന്താണ് ചെയ്യേണ്ടത്?

ഇതിന്റെ കാരണം എന്താണ്? ആലോചിച്ചിട്ട് ഒരു പിടിയും കിട്ടുന്നില്ല .

ദിവസങ്ങളും, മാസങ്ങളും, വർഷങ്ങളും കഴിഞ്ഞു. ഞാനും വളർന്നു

ഉത്തരം ഇല്ല.

പെട്ടെന്ന് ആരോ എന്നോട് മന്ത്രിക്കുന്നത് പോലെ.....

'നിനക്ക് സ്നേഹമില്ലാത്തതു കൊണ്ടാണ് പ്രാർത്ഥിക്കാൻ സാധിക്കാത്തത്'.

ഉത്തരം കിട്ടി.

ശരിയാണ്. നൂറ് ശതമാനം ശരിയാണ്.ഞാൻ ആ ഇരുണ്ട വെട്ടത്തിൽ ഇരുന്ന്

ആലോചിച്ച് നോക്കി.ഒരു പ്രകാശ രശ്മി എന്റെ ഭിത്തിയിൽ നിന്നും

എന്നിലേക്ക് വരുന്നതു പോലെ.... എനിക്ക് അനുഭവപ്പെട്ടു.

പെട്ടെന്ന് തന്നെ പേന താഴെ വെച്ചു.

അത് എന്നോട് ചോദിച്ചു , മകളെ ...

നിന്റെ അമ്മയ്ക്ക് കാൻസർ ആയപ്പോൾ നീ ഉറക്കമൊഴിച്ച് ആശുപത്രി വരാന്തയിൽ

കുത്തിയിരുന്ന് കണ്ണുകൾ അടഞ്ഞു പോകാതെ കണ്ണു നീരോടെ പ്രാർത്ഥിച്ചില്ലേ ?

'അതേ'യെന്ന് ഉത്തരം ഞാൻ പറഞ്ഞു.

വീണ്ടും പ്രകാശ രശ്മി എന്നോടേ ചോദിച്ചു 'നിന്റെ പ്രസവ

വേദനയുടെ സമയത്ത് നിന്റെ കുഞ്ഞിന് വേണ്ടി പ്രാർത്ഥന ഉരുവിട്ട്

നീ നടന്നില്ലേ ?

അതേയെന്ന് ഉത്തരം പറഞ്ഞു.

നിന്റെ ഭർത്താവിന്റെ തകർച്ചയുടെ സമയത്ത്, സമയവും കാലവും

നോക്കാതെ നീ എന്നെ വിളിച്ച് പ്രാർത്ഥിച്ചില്ലേ ?

എനിക്ക് ഉത്തരം മുട്ടിപ്പോയി. ആ പ്രകാശം എന്നോട് പറഞ്ഞു: നിനക്ക് അവരോടെല്ലാം സ്നേഹമുണ്ടായിരുന്നു. അതുകൊണ്ടാണ് നീ പ്രാർത്ഥിച്ചത്. നിന്റെ അമ്മ , കുഞ്ഞ് , ഭർത്താവ് ഇവരെല്ലാം നിനക്ക് ആവശ്യമുള്ളവരായിരുന്നു. എന്നാൽ ഇന്ന് നീ എല്ലാം നേടി. എല്ലാം മറന്നു ! സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന വ്യക്തികൾ , യുദ്ധത്തിൽ കഴിയുന്നരാജ്യങ്ങൾ... നിന്റെ ചുറ്റിലും എത്രയോ വേദന അനുഭവിക്കുന്നവർ.... നീ അവരെ സ്നേഹിക്കുന്നില്ല . അവർ നിന്റെ ആരുമല്ല.! അതുപോലെ ദൈവത്തെ സ്നേഹിക്കാൻ കഴിയാതെയാകുമ്പോൾപ്രാർത്ഥനയും , വിരസതയും , മടുപ്പും അനുഭവപ്പെടും. പഠിക്കാനിരിക്കുമ്പോൾ തന്നെ ഉറങ്ങിപ്പോകുന്ന കുറേ കുട്ടികൾ ഉണ്ട്. അവരുടെയെല്ലാം പ്രധാന പ്രശ്നം പഠനത്തെയുംപഠിക്കുന്ന വിഷയത്തെയും പഠിപ്പിക്കുന്ന അദ്ധ്യാപകരെയും സ്നേഹിക്കാൻ കഴിയുന്നില്ല : എന്നതാണ്. പഠനം ഒരു ഭാരവും പരീക്ഷ ഒരു പ്രശ്നവും ആയിവരുന്നതുകൊണ്ട് അതിനെ നേരിടാനുള്ള കരുത്ത് കുറവായതുകൊണ്ട് മനസ്സ് അതിൽ നിന്ന് രക്ഷപ്പെടാനൊരു കുറുക്കുവഴി കണ്ടു പിടിക്കുന്നു ഉറക്കം ! ഇത് പലപ്രാവിശ്യം ആവർത്തിക്കപ്പെടുമ്പോൾ മനസ്സിൽ ഒരുശീലം രൂപപ്പെടുന്നു.

പിന്നീട് എപ്പോൾ പുസ്തകമെടുത്താലും അപ്പോൾ തന്നെ ഉറങ്ങിപ്പോകുന്ന അവസ്ഥയിലേക്ക് മനസ്സ് ഒരുങ്ങിക്കൊണ്ടിരിക്കുന്നു. പെട്ടെന്ന് മകൾ എന്നെ തട്ടി - 'ഉറങ്ങണ്ടെ അമ്മേ' ? സമയം 1 മണി കഴിഞ്ഞിട്ടുണ്ട്. കിടക്കാൻ പോകുമ്പോൾ പുറകിലേക്ക് ഞാൻ തിരിഞ്ഞ് നോക്കി. ആ വെട്ടം അവിടെത്തന്നെ നിൽപ്പുണ്ടായിരുന്നു.====================

## MOCK PLAY OF FIRE AND SAFETY DEPARTMENT





# Student Police Cadet Activities









# Skill From Knowledge

DAISY JOHN

*In order to the development of the skill, knowledge stands in the first place. Each student is unique. To give them individual attention, is the goal of modern education. Only a teacher can do this. She can unleash the hidden talent in her wards and motivate them to pursue their passion and used in their chosen fields.*

*All learning should come out of enquiry into the connected environment. Time management, financial planning ,basic cooking and other life skills training should be imparted. Innovative technology like augmented reality which makes game popular, with million, should be used in developing teaching aids from the knowledge to skill.*

*Practical learning will awaken a deep sense of responsibility in the young, not only to their own individual growth but towards the society also. Objective evaluation is used in many knowledge tests. In all subjects objective test are a poor test for learning .A good education system should have 3 objective skills .*

*1.Substantive Knowledge.*

*2. Knowledge and skill*

*3. Learning for knowledge.*

*Acquiring Substantive knowledge ,seeking and finding knowledge not easily available.*

*Skills could be distributed in to many catagories a)Thinking skills to learning to learn b)Communication skills to expression . The tenent of education is not to create people for jobs but to development them according to their skills.*

*The learning occur when students are given projects and encourage to participate and apply the knowledge which is shared by teachers technologically and scientifically.*

*Parents and teachers are the two arms of education. No hand is functionally complete by it self. So Knowledge starts from home . Class room experience- sharing is an integral part of education and blending wisdom and skills, the hallmark of true education.*

============

## ആടുജീവിതം - ഒരു ആസ്വാദനക്കുറിപ്പ്

അഭിനവ് കെ

*ബെന്യാമിൻ എഴുതിയ കേരളസാഹിത്യ അക്കാഡമി അവാർഡ് ലഭിച്ച ആടുജീവിതം എന്ന നോവൽ എന്നെ നമ്പരിപ്പിച്ചിരിക്കുന്നു. ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഒരേടല്ല;*

*ചോര വാർക്കുന്ന ജീവിതം തന്നെയാണ് 'ആടുജീവിതം'. നജീബിനും, ഹക്കീമിനും മരുഭൂമിയിൽ ദാഹിച്ചു മരിച്ച എല്ലാ ആത്മാക്കൾക്കും എന്ന സമർപ്പണത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. നോവലിൽ ബെന്യാമിൻ നജീബിന്റെ കഥ പറയുകയല്ല മറിച്ച് ആ മനുഷ്യന്റെ ആത്മാവിൽ അലിഞ്ഞ് നജീബാവുകയാണ്. നജീബ് എന്ന സാധാരണക്കാരൻ ഭാര്യ സൈനുവും ഉമ്മയുമുള്ള കൊച്ചു കുടുംബത്തിൽ നിന്ന് പ്രാരാബ്ധങ്ങളകറ്റിയ ഒരുപാടു സ്വപ്നങ്ങൾ നെയ്താണ് ഗൾഫിലെത്തിയത്. പക്ഷെ വിധി അവനെ കൊണ്ടെത്തിച്ചത് ക്രൂരനായ അർബാബിന്റെ മുന്നിലായിരുന്നു. നാറുന്ന ആട്ടിടയന്റെ വസ്ത്രവും ധരിച്ച് പച്ചപ്പിന്റെ തരിപോലും ഇല്ലാത്ത മരുഭൂമിയിൽ. വികാരങ്ങളില്ലാത്ത വെറുമൊരാടിയനെപ്പോലെ ജീവിക്കുകയാണ്. മൂന്നുവർഷവും, നാലുമാസം, 9 ദിവസം കുളിച്ചിട്ടില്ല , പല്ല്തേച്ചിട്ടില്ല.മനസ്സറിഞ്ഞ് ഒരു തണലത്ത് ഇരുന്നിട്ടില്ല ,ചിരിച്ചിട്ടില്ല .മലയാളിയുടെ ഗൾഫ് ജീവിതത്തെക്കുറിച്ചുള്ള ഈ കഥ നമ്മുടെ പലസങ്കൽപ്പങ്ങളും തിരുത്തിക്കുറിക്കുന്നതാണ്. നജീബിൽ നിന്നും നമുക്ക് കിട്ടുന്നത് ജീവിതത്തിലെ പ്രതിസന്ധികൾ തരണം ചെയ്യാനുള്ള കരുത്തും ഊർജ്ജവുമാണ്. ചെറിയ കാര്യങ്ങളിൽ പോലും തളരുന്ന നാം അയാളുടെ സഹനശക്തി ഓർക്കുന്നത് നന്നായിരിക്കും*

====================

# സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്.എസ്.വിഭാഗം

# നാടോടിനൃത്തത്തിൽ എ ഗ്രേഡ് നേടിയ

## ദിൽജിത്ത്





## അനുഭവ കുറിപ്പ്

*മുഹമ്മദ് അഷ്റഫ് എം.പി*

*കുട്ടികളുടെ വ്യക്തിത്വ രൂപവൽക്കരണത്തിൽ അധ്യാപകർക്കുള്ള പങ്കിനെക്കുറിച്ച് പ്രഭാഷണങ്ങൾ കേൾക്കുമ്പോഴൊക്കെ മനസ്സിൽ കടന്നുവരുന്ന മുഖങ്ങളിലൊന്ന് കൊയിലാണ്ടി കുറുവങ്ങാട് സെൻട്രൽ യു.പി സ്കൂൾ അധ്യാപകനായിരുന്ന കപ്പന ഹരിദാസൻ മാഷിന്റെതാണ്*

*ഞങ്ങൾ കുട്ടികളുടെ ഒരു ഹീറോ ആയിരുന്ന അദ്ദേഹം നീട്ടി വളർത്തിയ തലമുടി ചെവി മറയുന്നരീതിയിൽ താഴ്ത്തി വെട്ടി ചുമലുകൾ ഒരു സ്കെയിൽ വെച്ചതുപോലെ നേരെയാക്കി മുഖമൽപം മുൻപോട്ട് കുനിച്ച് ടിഷർട്ടും ബെൽബോട്ടം പാൻസും ധരിച്ച് പുഞ്ചിരിച്ചുകൊണ്ടുവരുന്ന പുതുതായി നിയമിതനായ മാഷ് വേഷം കൊണ്ട് പെട്ടെന്നുതന്നെ ഞങ്ങളുടെ ആരാധനാപാത്രമായി. മാർദവമേറിയ അദ്ദേഹത്തിന്റെ ശബ്ദവും ഉപയോഗിക്കുന്ന പൗഡറിന്റെ സുഗന്ധവും കുട്ടികളായ ഞങ്ങളിൽ അടുപ്പം സൃഷ്ടിച്ചു. സ്കൂളിന് മുന്നിലെ വയലിൽ ഞങ്ങളോടൊപ്പം ഫുട്ബോൾ കളിക്കാൻ തയ്യാറായ സാർ പുതിയ ഒരു അനുഭവമായിരുന്നു.*

*സ്പോർട്സിൽ താൽപര്യമുള്ള കുട്ടികൾക്ക് പ്രത്യേകമായും മറ്റുള്ളവർക്ക് സാമാന്യമായും അദ്ദേഹം പരിശീലനം നൽകി. സ്കൂൾ കായികമേള ഗംഭീരമായി നടത്തുന്നതിന് നേതൃത്വം നൽകി. ഞങ്ങളുടെ വിദ്യാലയം പലതവണ കൊയിലാണ്ടി സബ് ജില്ലാ ചാമ്പ്യൻമാരായി. കോളേജ് വിദ്യാർത്ഥിയായിരിക്കേ പങ്കെടുത്ത് വിജയിച്ച കായിക മൽസര ങ്ങളെക്കുറിച്ചുള്ള പത്രവാർത്തകളും ഫോട്ടോകളും ഒരിക്കൽ അദ്ദേഹം ക്ലാസിൽ കൊണ്ടുവന്ന് ഞങ്ങളെ കാണിച്ചു. പത്രങ്ങളിൽ ഫോട്ടോയൊക്കെ വന്ന ചാമ്പ്യനാണ് ഞങ്ങളുടെ മാഷെന്ന അറിവ് അദ്ദേഹത്തെ കൂടുതൽ സ്വീകാര്യനാക്കി.*

*ഒരുനാൾ തന്റെ സ്റ്റാമ്പ്-നാണയശേഖരം ഞങ്ങൾക്കായി സ്കൂളിൽ കൊണ്ടുവന്നു. സ്റ്റാമ്പുകൾ കാണമ്പോൾ അതത് രാജ്യങ്ങൾ സന്ദർശിക്കുന്നവെന്ന തോന്നലായിരുന്ന ഞങ്ങൾക്ക്. 32 വർഷങ്ങൾക്കുശേഷം ഇപ്പോഴും അക്കൂട്ടത്തിലുണ്ടാ യിരുന്ന മലേഷ്യൻ സ്റ്റാമ്പുകളുടെ ദൃശ്യഭംഗി മനസ്സിൽ ഓടിയെത്തുന്നു. സുന്ദരികളായ പൂമ്പാറ്റകളെയും കാണാൻ അഴകുള്ള പൂക്കളെയും ചിത്രത്തിൽപോലും കണ്ടിട്ടില്ലാത്ത മൃഗങ്ങളെയും ചിത്രീകരിച്ചവ.*

*ഞങ്ങളിൽ ചിലർ അതോടെ സ്റ്റാമ്പുകളുടെയും നാണയങ്ങളുടെയും ശേഖരണം തുടങ്ങുകയും ചെയ്തു. പക്ഷേ, ഇതൊന്നുമായിരുന്നില്ല വിദ്യാർത്ഥികളുടെ വ്യക്തിത്വരൂപവൽക്കരണത്തെക്കുറിച്ചുള്ള ചർച്ചാവേളകളിൽ ഹരിദാസൻ മാഷിന്റെ മുഖം മനസ്സിൽ ഓടിയെത്താൻ കാരണം. വല്ലാത്ത ഒരു പുസ്തകപ്രിയനായിരുന്ന അദ്ദേഹം. വായിക്കുക മാത്രമല്ല ഒഴിവു പീരീഡുകളിലൊക്കെ ആ കഥകൾ ഞങ്ങൾക്ക് പറഞ്ഞുതരുകയും ചെയ്തു.*

*എസ്.കെ പൊറ്റക്കാടായിരുന്ന അദ്ദേഹത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ എന്ന തോന്നുന്നു. ഒരു ദേശത്തിന്റെ കഥയിലെ അധ്യായങ്ങൾ അദ്ദേഹത്തിലൂടെ ഞങ്ങൾ ആസ്വദിച്ചു. ഒരിക്കലും സർ നോവൽ ക്ലാസിൽ കൊണ്ടുവന്ന് വായിച്ചില്ല. ഓർത്തുപറയുകയായിരുന്ന രീതി. കഥ പറഞ്ഞുതരുന്നതിനിടെ സ്വയം ആസ്വദിച്ചു ചിരിക്കുകയും ചെയ്യും. ശ്രീധരനും കുഞ്ഞാപ്പുവും സപ്പർ സർക്കീറ്റ് സംഘത്തിന്റെ കുസൃതികളും ആ പ്രായത്തിൽ ഞങ്ങളെ ആകർഷിച്ചു. വലുതായാൽ അത്തരം സംഘങ്ങളിൽ അംഗങ്ങളാകാൻ കൊതിതോന്നി. ശ്രീധരനെഴുതുന്നതുപോലെ കവിതകൾ എഴുതാനും മോഹം. ആവശ്യപ്പെട്ടവർക്കൊക്കെ ആ നോവൽ വായിക്കാനായി അദ്ദേഹം നൽകി. മറ്റ് എഴുത്തുകാരുടെ രചനകളും പലപ്പോഴായി പരിചയപ്പെടുത്തി. പതുക്കെ ഞങ്ങൾ വായനയുടെ രസം കണ്ടെത്തിത്തുടങ്ങി. അക്ഷരങ്ങളോട് എക്കാലത്തും മനസ്സിൽ സൂക്ഷിച്ച ഗാഢപ്രണയത്തിന്റെ ആദ്യവിത്തുകൾ അന്നവിടെ പഠിച്ച പലരുടെയും മനസ്സിൽ പാകിയത്*

അദ്ദേഹമായിരുന്നു.

അധ്യാപകരുടെ പരിശീലനക്ലാസുകളിലെ ചർച്ചകളിൽ പങ്കെടുക്കുമ്പോൾ വായനയുടെ പരിമിതി ബോധ്യപ്പെട്ട സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. മികച്ച വായനക്കാരായ അധ്യാപകരെ അദ്ഭുതത്തോടെ നോക്കിനിന്നിട്ടുണ്ട്. അവരിലൊക്കെ തിളക്കമേറിയ കണ്ണുകളും നീണ്ട മുടിയും കുസൃതിനിറഞ്ഞ ചിരിയുമുള്ള ഒരു മുഖം ദർശിക്കാൻ ശ്രമിക്കാറുണ്ട്. സാറിനെ ഓർക്കുമ്പോൾ, അദ്ദേഹം ഞങ്ങളെ സ്വാധീനിച്ച വിധം തിരിച്ചറിയുമ്പോൾ എന്റെ കണ്ണു നിറയുന്നു. സർവ്വീസിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് കാപ്പാട് ഇലാഹിയ ഹയർസെക്കണ്ടറി സ്കൂളിൽ കായികാധ്യാപകനായി ജോലി ചെയ്യുകയാണ് സാർ ഇപ്പോൾ.

================

# ആദ്യ വനിതകൾ

ആദിത്യൻ

**IX B**


* ആദ്യത്തെ വനിത സ്വാതന്ത്ര്യ പോരാളി -റാണി അബ്ബാക്ക
* ആദ്യത്തെ വനിത ഭരണാധികാരി -റസിയ സുൽത്താൻ
* ആദ്യത്തെ വനിത സാമൂഹിക പ്രവർത്തക -അബാലബോസ്
* ആദ്യത്തെ വനിത ഡോക്ടർ -ആനന്ദി ഗോപാൽ ജോഷി
* ആദ്യത്തെ വനിത സാമൂഹിക പ്രവർത്തക-ട്രേഡ് യൂണിയൻ നേതാവ് -അനസൂയ സാർബായ്




* ഇഗ്ലീഷ് ചാനൽ നീന്തിക്കടന്ന ആദ്യ ഇന്ത്യൻ വനിത -ആരതിസാഹ
* ക്വിറ്റ് ഇന്ത്യ മൂവ്മെന്റിന്റെ വനിത നേതാവ് -അരുണ ആസിഫ് അലി
* ആദ്യത്തെ വനിത പൈലറ്റ് -ക്യാപ്റ്റൻ പ്രേം മാഥുർ
* ആദ്യത്തെ വനിത Graduate -ചന്ദ്രമുഖി ബസു
* ആദ്യത്തെ വനിത അഭിഭാഷക -കോർണീലിയ സൊറബ്ജി
* ആദ്യത്തെ വനിത സ്വാതന്ത്ര്യ സമരസേനാനി INA സീനിയർ ലീഡർ -ക്യാപ്റ്റൻ ലക്ഷമി സെഹഗൾ
* ഏറ്റവും കൂടുതൽ അവാർഡ് നേടിയ ഇന്ത്യൻ ഗായിക -ലതാമങ്കേഷ്കർ
* UN GENERAL ASSEMBLY യുടെ പ്രസിഡന്റ് -വിജയലക്ഷ്മി പണ്ഡിറ്റ്
* ആദ്യത്തെ വനിത ഹൗസ് സർജൻ -മുത്തുലക്ഷ്മി റെഡ്ഡി
* രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട *ആദ്യത്തെ വനിത* *-രുക്മിണി ദേവി*

# GREAT BOOKS FOR CHILDREN


- **PANCHATANTRA**
  **- VISHNU SHARMA**





- **AESOP'S FABLE - AESOP**




- **JATAKA TALES**
  **- GAUTAMA BUDDHA**






- **OLIVER TWIST - CHARLES DICKENS**




- **GULLIVER'S TRAVELS - JONATHAN SWIFT**


◆ **MOBY-DICK**
**- HERMAN MELVILLE**






◆ **ROBINSON CRUSOE - DANIEL DEFOE**

◆ **RIP VAN WINKLE- WASHINTON IRVING**





◆ **THE HAPPY PRINCE - OSCAR WILDE**




◆ **THE WIZARD OF OX - L.FRANK BAUM**




◆ **WINNIE-THE-POOH - ALANA.MILNE**




◆ **THE JUNGLE BOOK**
**- *RUDYARD KIPLING***

# ഗണിത ശില്പശാല



# POEM

***Shiny T P***

## ***Man***

*Oh man! you are a puppet of God*
*He inflicts pain to test you*
*But never yield yourself to gloom*
*Rise again like a phoenix.*

*Oh man! Do always good to others*
*Hate only the deeds of your foes*
*Neither have any foe in your life*
*Nor your deeds call on the wrath of God.*

*Oh man! Waste not your time to cheat a hate*
*Spend your time to love others*
*Infill your thoughts with divine qualities*
*And make your within an abode of God .*

*Oh man! Bind everyone with the spell of love*
*The love you share , be returned in happiness*
*And make your world a lovely garden*
*Where everyone enjoys a blissful delight.*

## ***In Searching of Spirituality….***

*When I was caught in the untold misery*
*Your words were solace to my tears*
*Like a rescuer to a drowning man*
*You are so dear to me .*

*Before me you opened a new world*
*The new horizon you showed me ; I gazed.*
*Infilled my entire spirit with a new before.*

*You showed the path of God to thousand*
*And expect nothing in return*
*No doubt,thousand are indebted to you –*
*The priceless treasure of their world.*

*The knowledge Gained by meditation is shared –*
*And taught the disciples the lessons of kind*
*Which is to be learnt by all,*
*To share and shower the lesson of love.*

*Oh Guru! Swear that I live to pray –*
*To save all from Human misery –*
*And bow before you to learnt –*

# PAINTINGS

*Dinesan*







## *DIGITAL PAINTING*

*Sreesankar XF*



# "God's own Country Kerala"

*vivek k*

## *Facts about Kerala*

**Kerala has a length that has between the high ranges of Sahyadris in the east and the Lakshwadeep sea.*

** Width of kerala varies between 35 to 120 Km$^2$*

** kerala has an area of 38,863KM.*


** kerala covers the just 1.18% of the total area of India.*

## *First in Kerala*

| | | |
|---|---|---|
| * First King in Travancore | - | Marthanda Varma |
| * First Novel in Malayalam | - | Kundalatha |
| * First Medical college | - | Thiruvananthapuram |
| * First post office | - | Alappuzha |
| * First Governor | - | B Ramakrishna Rao |
| * First Bank | - | Nedungadi Bank |
| * First Malayalam movie | - | Vigatha kumaran |
| * First Sound movie | - | Balan |
| * First Library | - | Thiruvananthapuram |
| * First National park | - | Eravikulam |

# ചിത്രം

***Braveen 7C***



# പ്രളയത്തിന് ഒരു കൈതാങ്ങ്






# കേരളപിറവി








# Thoughtless action of an immature mind

***Memoir***

Shiny AP

*It was an afternoon of the closing day for Christmas*

*Holidays in 2017.I was waiting in a classroom with a colleague of mine*

*For the ordered veg noon meal. Suddenly a teacher came to inform me the arrival of a visitor. I was surprised .A visitor for me! Who might be? But my thought was interrupted by his presence and voice on the threshold. I raised my head. A young man with uncombed beard and hair and filled up tears in his eye. I stared at him ,then he asked 'Teacher, don't you remember me?". I just want to ask him 'Do I know you?". But the very question struck inside me that he was one of my old students. But who? . . I tried to search out his' face' and 'name' from my old classrooms. I think, he understood my dilemma and intervened my thoughts. He said "Teacher, I'am Vignesh, one of your old students'. His name exoxed all his details:it clearly appeared in my mind. "2010$^{th}$ batch, Sulthan's friend" I murmured. Then nodded head. So I again asked "Are you still residing in Wayanad. Is your mother still a principal". The question blushed his face and said "Teacher You still remember me". But did a great sin to you in the passing out year of class 10 . "Now I came to seek your pardon".*

*Eight years before , while he was in class 10, I was his class teacher. One day 4 students of my class alleged that I'd forbidden than from going to mosque as it would create terrorist. Actually such a thing was not told by me. I always pay belief in my religion and respect of other religion. So their allegation and their unreadiness to apologies before their leaving were really painful. But I never ha than and always prayed for their mistakes it became easy for me to forgive them. Everything flashed before me as it happened yesterday.*

*He was still waiting for my forgiveness. So I brolce the silence and said that it would be unfair to say that the incident hadn't pained me. But I'd forgiven than then it self, I added. Then he revealed everything to me that he was the masterbrain for that plot. He said "I simply joined the other three guys. But years after I re fled upon my deed,I realized your love for the students. I couldn't find any mistakes on your part .I decided to apologize . but I feared to come before you. Actually for the past six years I have been seeking your part . if I had obeyed the words of my mother there, I wouldn't have come . I want rule my pride . it was because of my immaturity. So please forgive me'.*

*I consoled him. "All teachers are here to forgive and console all students".*

# *Football Team*



**SPORTS DAY**



# *OUR PROUD WINNERS*



**Nidal Kareem**

*2nd place in Boxing [State Championship]*



**Arjun K P**

*Taekwondo State Participation*

# ANNUAL DAY CELEBRATIONS





## *Members of Little Kites*



# *Digital magazine 2018-19*

# THINK POT

Govt. Ganapath
High School for Boys

Chalappuram, Kozhikode